**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3517** **05-08-2021 - ൽ മറുപടിയ്ക്ക്**

**കൊണ്ടോട്ടി സബ്ട്രഷറി വിഭജനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം** | | **Shri K N Balagopal**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ട്രഷറികളുടെ നവീകരണത്തിന് നിലവിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി സ്വന്തമായി കെട്ടിടമില്ലാത്ത ട്രഷറികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ജീർണ്ണാവസ്ഥയിലുള്ളവ പുതുക്കി പണിയുന്നതിനുമുള്ള നടപടികൾ വകുപ്പ് കൈക്കൊണ്ടുവരുന്നു. ട്രഷറി വകുപ്പുമായി ബന്ധപ്പെട്ട എല്ലാ ധനകാര്യ സ്ഥാപന മേഖലകളേയും ട്രഷറി സംവിധാനത്തോട് വെബ് അധിഷ്ഠിതമായി സംയോജിപ്പിച്ചിട്ടുണ്ട്. ഇന്ന് ഇന്ത്യയിലെ ഏറ്റവും വികസിതവും സുരക്ഷിതവുമായ പൊതു ധനകാര്യ മാനേജ്മെന്റ് സംവിധാനം കേരളത്തിൽ നടപ്പിലാക്കിയിട്ടുള്ള സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനമാണ്(IFMS). IFMS സംവിധാനത്തിന്റെ വിശ്വാസ്യതയും കരുത്തും വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ സെക്യൂരിറ്റി ഓഡിറ്റിംഗ് കൃത്യമായി നടത്തുന്നതിനുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്. ട്രഷറി സേവനങ്ങൾ സുഗമമായി ലഭ്യമാക്കുന്നതിനായി ട്രഷറികളിൽ കമ്പ്യൂട്ടർ സിസ്റ്റം, സെർവറുകൾ, ഡാറ്റാ കണക്ടിവിറ്റി എന്നിവ ഉയർന്ന നിലവാരത്തിലുള്ളതാണെന്ന് ഉറപ്പുവരുത്തുന്നുണ്ട്. പ്രതിബന്ധങ്ങൾ കൂടാതെ നെറ്റ് കണക്ഷൻ ലഭിക്കുന്നതിനായി BSNL-ലിൽ നിന്നും RailTel -ൽ നിന്നും രണ്ടു ഡാറ്റാ - കം- ലീസ്ഡ് കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്. IFMS സംവിധാനത്തിലൂടെ ലഭ്യമായിരിക്കുന്ന സേവന സംവിധാനത്തിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനായി ക്യൂ മാനേജ്മെന്റ് സംവിധാനം, ആധാർ ലിങ്ക്ഡ് അറ്റൻഡൻസ് മാനേജ്മെന്റ് സംവിധാനം, ഫേക് കറൻസി ഡിറ്റക്റ്റിംഗ് ഡിവൈസ്, ഫയർ എക്സ്റ്റിംഗ്ക്യൂഷിംഗ് ഡിവൈസ് എന്നിവ ട്രഷറികളിൽ ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ട്രഷറി ജീവനക്കാരുടെ വ്യക്തിത്വവികാസത്തിനും നേതൃപരമായ മികവിനും |

| | | | |
|---|---|---|---|
| | | | ഉതകുന്ന രീതിയിൽ അവരുടെ കാര്യശേഷി വർദ്ധനവിനായുള്ള പരിശീലനപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. ISO 27001:2013 നിലവാരത്തിലുള്ള ഇൻഫർമേഷൻ സെക്യൂരിറ്റി മാനേജ്മെന്റ് സിസ്റ്റം (ISMS) വകുപ്പിൽ നടപ്പിലാക്കി വിവര സുരക്ഷാ രംഗത്ത് നേരിടാനിടയുള്ള വെല്ലുവിളികളെ പ്രതിരോധിക്കാൻ വകുപ്പിനെ പ്രാപ്തമാക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. അതിലൂടെ ISO 27001:2013 സർട്ടിഫിക്കേഷൻ നേടിയെടുക്കാനുള്ള പരിശ്രമത്തിലാണ്. ഇടപാടുകാർക്ക് സമയബന്ധിതമായും വേഗത്തിലും സേവനം നല്കുന്നതിനുള്ള വിശദമായ പൗരാവകാശ രേഖ തയ്യാറാക്കി വരുന്നു. പൗരാവകാശ രേഖയുടെ പ്രസിദ്ധീകരണത്തിനുശേഷം ട്രഷറിയുമായി ബന്ധപ്പെടുന്ന എല്ലാ വിഭാഗം ആൾക്കാരെയും ഉൾപ്പെടുത്തി വിപുലമായ സോഷ്യൽ ഓഡിറ്റ് സംഘടിപ്പിക്കുന്നതാണ്. ട്രഷറി വഴി നല്കി വരുന്ന സേവന സംവിധാനം എത്രമാത്രം കാര്യക്ഷമമാണെന്നും ഇടപാടുകാർ സംതൃപ്തരാണോയെന്നും വിലയിരുത്തുകയും സോഷ്യൽ ഓഡിറ്റിൽ നിന്നും ഉയർന്ന് വരുന്ന നിരീക്ഷണങ്ങളുടെയും നിഗമനങ്ങളുടെയും അടിസ്ഥാനത്തിൽ ട്രഷറി സംവിധാനം കൂടുതൽ ഇടപാട് സൗഹൃദപരവും ആധുനികവത്കരിക്കുവാൻ നടപടികൾ കൈക്കൊള്ളുന്നതാണ്. |
| (ബി) | നിലവിൽ ട്രഷറികൾ വിഭജിച്ച് പുതിയത് സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഐ.എഫ്.എം.എസ് നിലവിൽ വന്നതോടെ ട്രഷറി സേവനങ്ങൾ എല്ലാം ഓൺലൈൻ രീതിയിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഇടപാടുകാർക്ക് ഏത് ട്രഷറിയിൽ എപ്പോൾ വേണമെങ്കിലും പണം നിക്ഷേപിക്കുന്നതിനും പിൻവലിക്കുന്നതിനും സാധ്യമാണ്. ഇ-ട്രഷറി സംവിധാനം ശക്തിയാർജിച്ചതോടെ 24 മണിക്കൂറും എവിടെ നിന്നും സേവനം ലഭ്യമാണ്. ഈ സാഹചര്യത്തിൽ നിലവിൽ പുതിയ സബ്ട്രഷറികൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ല. |
| (സി) | പ്രവർത്തന ബാഹുല്യം കണക്കിലെടുത്ത് കൊണ്ടോട്ടി സബ്ട്രഷറി വിഭജിച്ച് പുതിയ ട്രഷറി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ